**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1474** **10-10-2024 - ൽ മറുപടിയ്ക്ക്**

**താലൂക്ക് വികസന സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ താലൂക്ക് വികസന സമിതികൾ എല്ലാ താലൂക്കുകളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ; വിശദമാക്കാമോ; | (എ) | പൊതുജനങ്ങളുടെ ആവശ്യങ്ങളും പരാതികളും യഥാസമയം പരിശോധിച്ച് കാലവിളംബം കൂടാതെ അവയ്ക്ക് പരിഹാരം കാണുന്നതിനും ഭരണ നേട്ടങ്ങൾ യഥാസമയം ജനങ്ങളിലെത്തിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള താലൂക്ക് വികസന സമിതികൾ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്തമായ കൂട്ടായ്മയിലൂടെ സംഘടിപ്പിക്കപ്പെട്ടിരുന്ന താലൂക്ക് സഭകൾ അല്ലെങ്കിൽ താലൂക്ക് വികസന സമിതികൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഈ സർക്കാർ വന്നതിനുശേഷം എന്തെങ്കിലും പുതിയ നിർദ്ദേശങ്ങളോ ഉത്തരവുകളോ ഇറക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) | ഈ സർക്കാർ വന്നതിനുശേഷം പുതിയ നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ജില്ലാ കളക്ടർമാരുടെ യോഗത്തിൽ താലൂക്ക് വികസന സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. |
| (സി) | ഉദ്യോഗസ്ഥർക്ക് താലൂക്ക് വികസന സമിതികളോടുള്ള താല്പര്യ കുറവ് കാരണം പലയിടങ്ങളിലും ഇവ പ്രവർത്തിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | താലൂക്ക് വികസന സമിതിയിൽ ലഭിക്കുന്ന അപേക്ഷകളും പരാതികളും ഉദ്യോഗസ്ഥരുടെ മറുപടി മാത്രം കൊണ്ട് അവസാനിപ്പിക്കണമെന്നും തീർപ്പാക്കണമെന്നും എന്തെങ്കിലും നിർദ്ദേശം താലൂക്ക് വികസന സമിതികളെ സംബന്ധിച്ച് നൽകിയിട്ടുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | താലൂക്ക് വികസന സമിതിയിൽ ലഭിക്കുന്ന പരാതിയിന്മേൽ ഉദ്യോഗസ്ഥതലത്തിൽ നടപടി എടുക്കാത്ത സാഹചര്യത്തിൽ തുടർന്നും പരാതി ലഭിക്കുകയും അങ്ങനെയുള്ള പരാതികളിൽ ഉദ്യോഗസ്ഥരോടൊപ്പം ജനപ്രതിനിധികളെയും ഉൾപ്പെടുത്തിയ സബ്കമ്മിറ്റികൾ വയ്ക്കുന്നത് | (ഇ) | തീരുമാനിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | പാടില്ലായെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |
| (എഫ്) | താലൂക്ക് വികസന സമിതിയിൽ ഓഫീസ് മേധാവിക്കോ അല്ലെങ്കിൽ ഉത്തരവാദിത്തപ്പെട്ട തൊട്ടടുത്ത ഉദ്യോഗസ്ഥനോ പകരം ഓഫീസിലെ ഏതെങ്കിലും ഒരാൾ പങ്കെടുത്താൽ മതി എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ? | (എഫ്) | ഇല്ല |

സെക്ഷൻ ഓഫീസർ